ജീവിതവികല്പത്തിനുവേണ്ടി ഹൃദയംനൊന്തു് അന്വേഷിക്കുകയും ചെയ്യുന്ന പടിഞ്ഞാറൻനാടുകളുടെ പ്രതിനിധികളാണ് ആ ഹിപ്പികൾ എന്നു തോന്നി. അവർ ഒരുപക്ഷേ, ഗാന്ധിയെ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തേക്കാം. എന്നാൽ, ഇന്ത്യക്കാർ ഗാന്ധിയെ കൈവെടിഞ്ഞിരിക്കുന്നു.

'കേരള സർവകലാശാലയിലെ പ്രശസ്തനായ ഒരു പ്രൊഫസറെ പിറേറന്നു രാവിലെ ഞാൻ കണ്ടു. അദ്ദേഹവും തലേന്നു് 'ഗാന്ധി' കണ്ടിരുന്നു. തിയേററിൽനിന്നു വീട്ടിലെത്തിയ അദ്ദേഹം തന്റെ മകനോടു്, അടുത്ത ദിവസം പോയി ആ പടം കാണുന്നതു് നന്നായിരിക്കുമെന്നു ശുപാർശചെയ്തു. 'ഗാന്ധി റെലവൻറ് അല്ല പപ്പാ!' എന്നായിരുന്നുവത്രേ എൻജിനീയറിങ് വിദ്യാർത്ഥിയായ പുത്രന്റെ പ്രതികരണം.

അതു പറയുമ്പോൾ പ്രൊഫസറുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

(9 ഫെബ്രുവരി, 1983)

# 113. വിനോബാഭാവേ

'ധീർ' എന്ന പേരിൽ ഒരു ചെറിയ ഹിന്ദി വാരിക ബാംഗ്ലൂരിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. മുഖ്യമായി മാർവാഡികളുടെ, അവരിൽത്തന്നെ ജൈനരുടെ, താല്പര്യങ്ങളെയാണ് ഈ വാരിക പ്രതിനിധാനം ചെയ്യുന്നതു്. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയിൽ വളരെക്കാലം ഒരു ഉദ്യോഗസ്ഥനായിരുന്ന ശ്രീ പി.എൻ. ഭട്ടതിരിയാണ് ഈ വാരികയുടെ എഡിററർ.

'ധീർ' വാരികയുടെ 12-ാം വാർഷികം പ്രമാണിച്ച് ഒരു വിശേഷാൽപ്രതി 1982 നവംബർ 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ വിശേഷാൽപ്രതിയിൽ ചേർക്കുന്നതിനു് ഒരു സന്ദേശം അയച്ചുതരണമെന്ന് ആചാര്യ വിനോബാഭാവേയോടു വാരികാപ്രവർത്തകർ അഭ്യർത്ഥിച്ചിരുന്നു. വിനോബാഭാവേ ശാരീരികമായി അസ്വസ്ഥനായിരുന്നു. കർമസന്ന്യാസമനുഷ്ഠിച്ച ഒരാളെന്ന നിലയിൽ, വളരെക്കാലമായി അദ്ദേഹം ഒന്നും എഴുതിയിരുന്നുമില്ല. സംസാരിക്കുന്നതുതന്നെ അപൂർവമായിരുന്നു. എന്നിട്ടും ഈ വാരികയിലേക്ക് ഒരു സന്ദേശം ഒക്ടോബർ 22-ാം തീയതി അദ്ദേഹം സ്വന്തം കൈപ്പടയിൽ എഴുതി അയപ്പിച്ചു. 'ധീർ വാർഷിക-അങ്ക'ത്തിൽ ഈ സന്ദേശം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. (ചിത്രം നോക്കുക) താൻ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത രാഷ്ട്രത്തിനു് വിനോബാഭാവേ നൽകിയ അന്ത്യസന്ദേശം ഇതാണ്. മററു വിധത്തിൽ പ്രാധാന്യമൊന്നും അവകാശപ്പെടാനില്ലാത്ത 'ധീർ' വാർഷിക-അങ്കം, ഈ സന്ദേശം പ്രകാശിപ്പിച്ചതുവഴി, വളരെയധികം ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു.

മരണത്തിനു് ഏതാനും ദിവസങ്ങൾക്കു മുമ്പ്, ഒക്ടോബർ 22-ാം തീയതി ആണ് വിനോബാഭാവേ ഈ സന്ദേശം കുറിച്ചതു്. സംക്ഷിപ്തമായ ഈ സന്ദേശത്തിൽ, ആദ്ധ്യാത്മികദൃഷ്ടി, സമത്വബുദ്ധി, അനിന്ദാവ്രതം എന്ന മൂന്നു കാര്യങ്ങളിലേക്ക് അദ്ദേഹം നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. ഒപ്പ് ഇടുന്നതിനു പകരം 'ബാബാ(വിനോബാ)യുടെ ശുഭകാമന' എന്നും 'രാമഹരി' എന്നും എഴുതിയിരിക്കുന്നു.

आध्यात्मिक दृष्टि
समन्वय बुद्धि
अनिंदा व्रत

22-10-1982 शुक्रवार

बाबा (विनोबा) की शुभकामना

राम हरि

ഈ സന്ദേശം നൽകി, അധികം ദിവസം കഴിയുംമുമ്പ് വിനോബാജിക്ക് ഹൃദ്രോഗബാധയുണ്ടായി. രക്തധമനികളിലൂടെ പോഷകാംശങ്ങൾ ഉൾക്കൊള്ളുന്നതിനു തന്റെ ശരീരം വിസമ്മതിക്കുന്നു എന്നു കണ്ട് വിനോബാജി ഭക്ഷണവും ഔഷധവും നിരാകരിച്ചു. 'പ്രായോപവേശനം' എന്നു വിളിക്കപ്പെടുന്ന ഈ ഉപവാസപ്രക്രിയയിലൂടെ അദ്ദേഹം ഭൗതികദേഹം ഉപേക്ഷിക്കുകയുംചെയ്തു.

## ആദ്ധ്യാത്മിക ദൃഷ്ടി

'ആദ്ധ്യാത്മിക ദൃഷ്ടി' എന്നതുകൊണ്ട് വിനോബാജി ഉദ്ദേശിക്കുന്നതെന്താണ്? അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നും പ്രവചനങ്ങളിൽനിന്നും നമുക്ക് ഈ കാര്യം മനസ്സിലാക്കാം. ലോകം ഒരു അണുയുദ്ധത്തിന്റെ വക്കത്തെത്തി നിൽക്കുകയാണെന്ന ഭയം, ചിന്തിക്കുന്ന എല്ലാ മനുഷ്യർക്കുമെന്നപോലെ വിനോബാജിക്കും ഉണ്ടായിരുന്നു. ഭാവിയിൽ ഒരു അണുയുദ്ധം ഉണ്ടാവുകയാണെങ്കിൽ അതു മനുഷ്യസംസ്കാരത്തിന്റെ നാശത്തിലേ അവസാനിക്കൂ എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അണുയുദ്ധമെന്നതു് ഒരു ആകസ്മികപ്രതിഭാസമല്ല. ഭൗതികസമ്പത്തു പരമാവധി വർദ്ധിപ്പിക്കുകയും സുഖഭോഗങ്ങളിൽ പരമാവധി മുഴുകുകയുമെന്ന ആധുനിക വ്യവസായസഭ്യതയുടെ ആദർശത്തിന്റെ ഒരു സ്വാഭാവിക—ഉല്പന്നമാണ് അണുയുദ്ധം. അണുയുദ്ധം എങ്ങനെയെങ്കിലും ഒഴിവാക്കാൻ കഴിഞ്ഞാൽ കൂടി, ഇന്നത്തെ വ്യാവസായികസഭ്യതയുടെ വിചാരശൂന്യമായ വളർച്ച നിമിത്തം ഭൂമുഖത്തിൽ മനുഷ്യജീവിതം ദുസ്സാദ്ധ്യമോ അസാദ്ധ്യം തന്നെയോ ആകുന്ന കാലം വിദൂരമല്ല.

മനുഷ്യൻ ഭൗതികശരീരം മാത്രമല്ലെന്നും, സത്യം, സൗന്ദര്യം, ആനന്ദം മുതലായ മൂല്യങ്ങളാണു ജീവിതത്തെ ആസ്വാദ്യമാക്കുന്നതെന്നും, ഏറ്റവും എളിയ ജീവിതത്തോടൊപ്പമേ ഏറ്റവും ഉയർന്ന ചിന്ത കുടികൊള്ളുകയുള്ളൂ എന്നും മഹാത്മാഗാന്ധിയും, ഗാന്ധിജിയുടെ ആദ്ധ്യാത്മികപുത്രനായ വിനോബാജിയും നിരന്തരം ഉദ്ബോധിപ്പിച്ചുപോന്നിട്ടുണ്ട്.

ഭൗതികസമ്പത്തിനുവേണ്ടിയുള്ള അന്ധമായ മത്സരത്തിൽനിന്നു പിന്തിരിഞ്ഞ്, ജീവിതത്തിന് അർത്ഥവും പ്രസക്തിയും നൽകുന്ന മൂല്യങ്ങളിൽ ശ്രദ്ധ ഊന്നുന്നതിന്റെ ആവശ്യകതയെയാണ് 'ആദ്ധ്യാത്മിക ദൃഷ്ടി' എന്ന ശൈലികൊണ്ട് വിനോബാജി പ്രതിപാദിക്കുന്നത്.

## സമത്വബുദ്ധി

ജാതികൾക്കിടയിലും മതങ്ങൾക്കിടയിലുമുള്ള ഭേദഭാവനയുടെ തിക്തഫലങ്ങൾ ഇന്ത്യയിൽ നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. മതവൈരം മദ്ധ്യപൂർവപ്രദേശത്തു യുദ്ധാഗ്നിയായി പടർന്നിരിക്കുന്നു. വർഗ്ഗവൈരങ്ങളും പല രാജ്യങ്ങളിലും നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണ്. മനുഷ്യവർഗം ഒന്നാണെന്ന ശാസ്ത്രീയസത്യം സാമാന്യജനങ്ങളുടെ സഹജബോധമായി മാറാത്ത കാലത്തോളം ലോകത്തിൽ സമാധാനം പ്രതീക്ഷിക്കുന്നതു നിഷ്ഫലമാണ്. ആദ്യം പറഞ്ഞ ആദ്ധ്യാത്മികബുദ്ധിയുടെ സാമൂഹ്യ വ്യാഖ്യാനമത്രേ സമത്വബുദ്ധി.

## അനിന്ദാവ്രതം

അനിന്ദാവ്രതമെന്ന ശൈലി ഒരുപക്ഷേ, വിനോബാജിയുടെ സൃഷ്ടിയാണ്. എങ്കിലും, അതിലടങ്ങിയ സങ്കല്പനം ചിരപുരാതനമാകുന്നു. മററുള്ളവരെ അധിക്ഷേപിക്കുന്നതിനെതിരെ ബുദ്ധഭഗവാന്റെ പല പ്രവചനങ്ങളുമുണ്ട്. തന്റെ കണ്ണിലെ കഴക്കോലു കാണാതെ അന്യന്റെ കണ്ണിലെ കരടു കാണുന്നവരെപ്പററിയുള്ള ക്രിസ്തുവചനം പ്രസിദ്ധമാണല്ലോ. ഇന്ത്യയിൽ എല്ലാവരും ഇന്നു പരനിന്ദയിൽ മുഴുകിയിരിക്കുകയാണ്. രാഷ്ട്രീയപ്രവർത്തനം എന്നതിനുതന്നെ എതിർകക്ഷിയെ മൊത്തത്തിലും അതിലെ പ്രമുഖരെ ഒററയ്ക്കൊററയ്ക്കും തേജോവധംചെയ്യുക എന്ന് അർത്ഥമായിരിക്കുന്നു. ഇക്കാര്യത്തിൽ ഒരു കക്ഷിക്കും മെച്ചം അവകാശപ്പെടാനില്ല. ഒരു രാഷ്ട്രീയപ്രവർത്തകനും ഇതരനെ അപേക്ഷിച്ച് ഉയന്നു നിൽക്കുന്നില്ല. സമൂഹത്തിനു് ഒരു പൊതു ലക്ഷ്യം നഷ്ടപ്പെടുമ്പോൾ രാഷ്ട്രീയം പരസ്പരശകാരമായി മാറുകതന്നെ ചെയ്യും. ഇവിടെ സംഭവിച്ചിട്ടുള്ളതും മറെറാന്നല്ല. ഇതു നിമിത്തം ഒരു രാഷ്ട്രീയത്തിലും, ഒരു പാർട്ടിയിലും, ആർക്കും വിശ്വാസമില്ലാതായിരിക്കുന്നു; എല്ലാ രാഷ്ട്രീയക്കാരും തട്ടിപ്പുകാരാണെന്നും. അവരുടെയൊക്കെ ലക്ഷ്യം അധികാരം പിടിച്ചുപററി അന്യായമായി പണം സമ്പാദിക്കലും ധിക്കാരംകാട്ടലുമാണെന്നും പൊതുജനങ്ങൾ കരുതിവരുന്നുണ്ടെങ്കിൽ അതിലെന്താണ് അത്ഭുതം? വിഷൂചികയ്ക്കോ, വസൂരിക്കോ ഏതിന് വോട്ടു കൊടുക്കണമെന്നതാണ് ഇന്നത്തെ ഇന്ത്യയിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിലെ ഏക പ്രശ്നമെന്നതു് ഒരു സാധാരണചൊല്ല്, ബഹുവാക്ക് ആയിട്ടു വളരെ വർഷങ്ങളായി.

സാർവത്രികമായ ഈ മൂല്യധ്വംസത്തിൽനിന്നു കരകയറാനുള്ള വഴിയാണ് 'അനിന്ദാവ്രത'മെന്ന ശൈലിയിലൂടെ വിനോബാജി കാട്ടിത്തരുന്നത്. നിങ്ങൾക്കു സ്വന്തമായി ഒരു ലക്ഷ്യവും ഇല്ലെങ്കിൽ, ഒരാദർശവുമില്ലെങ്കിൽ, ദയവുചെയ്ത് എതിർകക്ഷികളെയും എതിരാളികളെയും അധിക്ഷേപിക്കാതിരിക്കുകയെങ്കിലും ചെയ്യുക. അപവാദം പറയാതിരിക്കുക. അപവാദപ്രസംഗങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽനിന്ന് അകന്നു നിൽക്കുക. അന്യനെ ആദരിക്കുന്നില്ലെങ്കിൽക്കൂടി, വെറുതെ നിന്ദിക്കാതിരിക്കുക.

ആധുനികകാലത്തു്, നമ്മുടെയിടയിൽ ജീവിച്ച ഒരു ഋഷിയാണ് വിനോബാജി. അദ്ദേഹം അവസാനമായി നമുക്കു നൽകിയ ഈ മൂന്നു

മുദ്രാവാക്യങ്ങൾ നാം ഓർമയിൽ വെക്കുക. ഒഴിവുള്ളപ്പോൾ അവയെപ്പററി ആലോചിക്കുക. കഴിവുള്ളേടത്തോളം അവയെ നമ്മുടെ സ്വന്തം ജീവിതത്തിൽ, വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നടപ്പിൽ വരുത്തുകയുംചെയ്യുക.

(2 ജനവരി, 1983)

## 114. ഇ. എം. കോവൂർ

മലയാളത്തിൽ ആദ്യത്തെ ചെറുകഥ എഴുതിയതു് അജ്ഞാതനാമാക്കളായ ചില ക്രിസ്ത്യൻ പുരോഹിതരോ, കേരളവർമ കോയിത്തമ്പുരാനോ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാരോ, മൂർക്കോത്തു കുമാരനോ മററു വല്ലവരുമോ എന്ന തർക്കം ഇനിയും ഒരു തീർപ്പിലെത്തിയിട്ടില്ല. തുടങ്ങിയതു് എങ്ങനെയായാലും, വ്യതിരിക്തമായ ഒരു സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ പ്രതിഷ്ഠ നേടിയതു് ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള മുതലായവരുടെ രചനകളിലൂടെയായിരുന്നു.

കഥാസാഹിത്യത്തിലെ ഈ ആദിമാചാര്യന്മാർക്കുശേഷം അല്പകാലത്തേക്കു മലയാളത്തിൽ ചെറുകഥയ്ക്കു പറയത്തക്ക വളർച്ചയൊന്നും ഇല്ലായിരുന്നു എന്നാണു സങ്കല്പം. ഈ മാന്ദ്യത്തിനു് അറുതിവന്നതു് തകഴി, കേശവദേവ്, പൊറെറക്കാട്ട്, പൊൻകുന്നം വർക്കി, കാരൂർ, പി.സി. കുട്ടിക്കൃഷ്ണൻ മുതലായവരുടെ രംഗപ്രവേശത്തോടുകൂടിയാണു്. ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ, രണ്ടാമതു പറഞ്ഞവരെ 'നവോത്ഥാന കഥാകൃത്തുക്കൾ' എന്നു വിളിച്ചുവരുന്നു.

1983 ഏപ്രിൽ 30-ാം തീയതി തിരുവല്ലായ്ക്കടുത്തു് 'കുററപ്പുഴ' എന്ന സ്ഥലത്തുള്ള സ്വവസതിയിൽവെച്ചു് എഴുപത്തെട്ടാം വയസ്സിൽ നിര്യാതനായ ഇ. എം. കോവൂർ മലയാള ചെറുകഥയിലെ ഈ രണ്ടു തലമുറകളെയും സംയോജിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, അദ്ദേഹം ആദ്യത്തെ കൂട്ടരെപ്പോലെ കഥയെഴുതിത്തുടങ്ങുകയും രണ്ടാമത്തെ കൂട്ടരെപ്പോലെ എഴുതിനിർത്തുകയുംചെയ്തു.

1906-ൽ തിരുവല്ലായിൽ പ്രശസ്തമായ കോവൂർകുടുംബത്തിൽ പിറന്ന ഐപ്പ് മാത്യു ഇരുപതാം വയസ്സിൽ ബി. എ. ജയിച്ചു് അദ്ധ്യാപകനായിത്തീർന്നു. താമസിയാതെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചു് നിയമം പഠിക്കുകയും, ഇരുപത്തിമൂന്നാം വയസ്സിൽ ആലപ്പുഴയിൽ വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയുംചെയ്തു. അദ്ദേഹം സാഹിത്യരചന ആരംഭിച്ചതും ഇക്കാലത്തുതന്നെയാണു്. അന്നു് മലയാളത്തിലെ, പ്രത്യേകിച്ചു, ദക്ഷിണകേരളത്തിലെ, സർവാദൃതനായ ഗദ്യസാഹിത്യകാരൻ ഇ.വി. കൃഷ്ണപിള്ളയായിരുന്നു. കോവൂരിന്റെ ആദ്യകാല സാഹിത്യവാസനകളെ രൂപപ്പെടുത്തിയതു് ഇ. വി. കൃഷ്ണപിള്ളയുടെ അഗാധസ്വാധീനമാണു്. ഇ. വി. യെ തന്റെ മാതൃകയും ആചാര്യനുമായി കോവൂർ തെരഞ്ഞെടുത്തു. ഇതിനു തെളിവാണു് കോവൂരിന്റെ 'ഇ. വി. സ്മരണകൾ'. കോവൂർ ചെറുകഥകൾ എഴുതിത്തുടങ്ങിയതു് ഇക്കാലത്താണു്. ആദിമദ്ധ്യാന്തങ്ങളിണങ്ങിയ ഇതിവൃത്തം, നിർവഹണത്തിൽ അത്ഭുതരസം, ഫലിതം—ഇതാണു് അക്കാലത്തെ ചെറുകഥകളുടെ സാമാന്യസ്വരൂപം.